പാംപാടി ശുദ്ധജലവിതരണ പദ്ധതി

145 [190]. ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഗവൺമെൻറിൻെറ സഹായത്തോടുകൂടി പാംപാടി, മീനടം, കൂരോപ്പട, അയർകുന്നം എന്നീ പഞ്ചായത്തുകൾക്കുവേണ്ടി നടപ്പിലാക്കാനുദ്ദേശിക്കുന്ന പാംപാടി ശുദ്ധജലവിതരണ പദ്ധതിക്ക് കേന്ദ്രഗവൺമെൻറിൻെറ അംഗീകാരം ലഭിച്ചുവോ ;

(ബി) ഇല്ലെങ്കിൽ എത്രയും വേഗം അംഗീകാരം നേടുവാനും പണികൾ ആരംഭിക്കുവാനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി) അയർകുന്നം, കൂരോപ്പട, പാംപാടി എന്നീ പ്രശ്നഗ്രാമങ്ങൾ ഉൾപ്പെടുത്തി ഒരു ശുദ്ധജലവിതരണ പദ്ധതിക്ക് കേന്ദ്രഗവൺമെൻറിൻെറ അംഗീകാരം ലഭിച്ചു കഴിഞ്ഞിട്ടുണ്ട്.

കോട്ടയം ശുദ്ധജല വിതരണ പദ്ധതി

146 [191] ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്കിൻെറ സഹായത്തോടുകൂടി നടപ്പിലാക്കുന്ന കോട്ടയം ശുദ്ധജലവിതരണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനുള്ള കാലതാമസത്തിന് കാരണം എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) എത്രയും വേഗം ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ടെൻഡർ വിളിക്കുവാനും പണി ആരംഭിക്കുവാനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി) ഈ പദ്ധതിയുടെ പ്രാരംഭ നടപടികൾ ത്വരിതഗതിയിൽ നടക്കുന്നുണ്ട്. ഈ പദ്ധതിക്കാവശ്യമായ സ്ഥലം വാട്ടർ അതോറിട്ടിക്ക് ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ ഗവൺമെൻറും, ജില്ലാ കളക്ടറും എടുത്തു വരുന്നുണ്ട്. ലോകബാങ്ക് പ്രോജക്ടിലെ ആദ്യത്തെ 5 ടെൻഡറുകൾക്ക് അവരുടെ അംഗീകാരം ലഭിച്ചു കഴിഞ്ഞു. ഇവയിൽ കോട്ടയം പദ്ധതിയുടെ ട്രീറ്റ്മെൻറ് പ്ലാൻറിൻെറയും ഒരു ടാങ്കിൻെറയും ടെൻഡർ ഉൾപ്പെടുന്നു. ഈ രണ്ട് ജോലികൾക്കും വേണ്ട ടെൻഡർ വിളിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതിക്ക് ആവശ്യമായ പൈപ്പുകൾ വാങ്ങുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരികയാണ്.

സ്പെഷ്യൽ കംപോണൻറ് പദ്ധതിയിൽ ഉൾപ്പെടുത്തിയ ശുദ്ധജലവിതരണ പദ്ധതി

147 [192] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ഫറോക്ക് പഞ്ചായത്തിലെ പുഴക്കര കരുവൻതുരുത്തി എന്നീ പ്രദേശങ്ങളിൽ സ്പെഷ്യൽ കംപോണൻറ്

LIBRARY ARCHIVES Kerala Legislative Assembly